കേരളസർക്കാർ

നമ്പർ.ആർ.ഡി3/3/2021/തസ്വഭവ തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

തിരുവനന്തപുരം, തീയതി 26/02/2021

# പരിപത്രം

വിഷയം: തദ്ദേശ സ്വയം ഭരണ വകുപ്പ് - 2019 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ, 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണചട്ടങ്ങൾ -സംശയങ്ങളും വസ്തുതകളും - FAQ സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

സൂചന(1) 02/11/2019 തീയതിയിലെ സ.ഉ(പി)നം77/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

(2) 02/11/2019 തീയതിയിലെ സ.ഉ(പി)നം78/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

(3) മുഖ്യനഗരാസൂത്രകന്റെ 24/02/2021 തീയതിയിലെ TCP CTP/2265/2020-E3 നമ്പർ കത്ത്.

കെട്ടിടനിർമ്മാണ ചട്ടങ്ങൾ കാലോചിതമായി പരിഷ്കരിച്ച് കൊണ്ട് സൂചന (1) പ്രകാരം 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണചട്ടങ്ങളും സൂചന (2) പ്രകാരം 2019 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങളും സർക്കാർ പുറത്തിറക്കിയിരുന്നു.

കെട്ടിടനിർമ്മാണ ചട്ടങ്ങളെ വ്യാഖ്യാനിക്കുന്നതിൽ പൊതുജനങ്ങൾക്കും ലൈസൻസികൾക്കും ബിൽഡേഴ്സിനും വളരെയധികം പ്രയാസങ്ങൾ അനുഭവപ്പെടുന്നതായും ഇത് പലപ്പോഴും ചട്ടം ലംഘിച്ചുള്ള നിർമ്മാണങ്ങൾക്ക് കാരണമാകുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും ഒരുപോലെ പ്രയോജനപ്രദമാകുന്നതിനായി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ ലളിതമായ ഭാഷയിൽ ചോദ്യോത്തര രൂപത്തിൽ സംശയങ്ങൾക്കുള്ള മറുപടി എന്ന നിലയിൽ "കെട്ടിടനിർമ്മാണ ചട്ടങ്ങൾ - സംശയങ്ങളും വസ്തുതകളും" എന്ന ഒരു കൈപ്പുസ്തകം നഗരഗ്രമാസൂത്രണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയിട്ടുണ്ട്. അനുബന്ധമായി ചേർത്തിട്ടുള്ള ഈ കൈപ്പുസ്തകത്തിൽ ചട്ടങ്ങളെ സംബന്ധിച്ച് സാധാരണയായി ഉന്നയിക്കുന്ന സംശയങ്ങളും അവയുടെ ഉചിതമായ വ്യാഖ്യാനവും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

എല്ലാ പഞ്ചായത്ത് /മുനിസിപ്പാലിറ്റി / മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാരും ടൗൺ പ്ലാനിംഗ് വകുപ്പിലെ ഉദ്യോഗസ്ഥരും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഈ കൈപ്പുസ്തകം ലഭ്യമാക്കി ആയത് ഫലപ്രദമായി ഉപയോഗിക്കേണ്ടതും അതുവഴി പൊതുജനങ്ങൾക്ക് കൂടുതൽ കാര്യക്ഷമവും

സമയബന്ധിതവുമായ സേവനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്

നന്ദന ആർ.പി.
ഡെപ്യൂട്ടി സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

To

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (വകുപ്പുതലവന്മാർ മുഖേന)
എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും (മുഖ്യ നഗരാസൂത്രകൻ മുഖേന)
ഡയറക്ടർ, കില , തൃശ്ശൂർ
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പകർപ്പ്:
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (അർബൻ)-യുടെ സി.എ യ്ക്ക്